**May : 10 / 2023**

# KGBEU OU ബുള്ളറ്റിൻ 57/2023

സഖാക്കളെ,

## വിഷയം: OAST ട്രാൻസ്ഫർ

OAST ട്രാൻസ്ഫർ പ്രക്രിയ അനന്തമായി നീളുകയാണ്. സ്കൂൾ തുറക്കാറായിട്ടും OAST ട്രാൻസ്ഫർ ഇറങ്ങാത്തത് ആ കേഡറിൽ ജോലി ചെയ്യുന്ന ജീവനക്കാരോട് കാണിക്കുന്ന വിവേചനമാണ്. OAST കേഡറിലേക്ക് ജീവനക്കാരെ നിയമിക്കാത്തത് വലിയ ബുദ്ധിമുട്ടാണ് ജീവനക്കാരിൽ ഉണ്ടാക്കുന്നത്. അതിനു പുറമെയാണ് ട്രാൻസ്ഫർ നീളുന്നത് വഴി അനുഭവിക്കുന്ന മാനസിക സംഘർഷം. നല്ല സ്കൂളുകളിൽ അഡ്മിഷൻ കിട്ടാത്ത സാഹചര്യം വന്നു കൊണ്ടിരിക്കുന്നു. പ്രമോഷൻ ആയതിനാൽ പല ബ്രാഞ്ചുകളിലും OAST ഇല്ലാത്ത സാഹചര്യവും നില നിൽക്കുന്നു. മുഴുവൻ കേഡറുകളിലേക്കും ഒരുമിച്ച് ട്രാൻസ്ഫർ ഇറക്കണമെന്നും റിലീവ് ചെയ്യുന്ന തീയതി അതിനനുസരിച്ച് ക്രമീകരിക്കണം എന്നുമാണ് സംഘടനാ നിലപാട്.

അതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ OAST തസ്തികയിൽപ്പെട്ടവരെ പോസ്റ്റ് ചെയ്യേണ്ടതില്ല എന്നും നിലവിലുള്ളവരെ ഉൾപ്പെടെ അവിടെ നിന്നും നീക്കം ചെയ്യണമെന്നും തീരുമാനം ഉള്ളതായി അറിയുന്നു. ഭിന്നശേഷിക്കാരെന്നുള്ള വ്യത്യാസം പോലുമില്ലാതെ മാറ്റും എന്ന നിലയിലാണ് മാനേജ്മെന്റ് മുന്നോട്ട് പോകുന്നത്. അത്തരം തീരുമാനങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്ന് സംഘടന നേരത്തെ തന്നെ മാനേജ്മെന്റിനോട് വ്യക്തമാക്കിയതാണ്.

OAST ജീവനക്കാരോട് ഇത്തരത്തിലുള്ള വിവേചനം കാണിക്കുകയാണെങ്കിൽ അതിശക്തമായ പ്രക്ഷോഭത്തിലേക്ക് പോകാൻ സംഘടന നിർബന്ധിതമാകുമെന്നും അടിയന്തിരമായി ട്രാൻസ്ഫർ ലിസ്റ്റ് പുറത്തിറക്കണമെന്നും ആവശ്യപ്പെട്ട് ചെയർമാന് കത്ത് നൽകിയിട്ടുണ്ട്. മാനേജ്മെന്റിനോട് സംസാരിച്ചിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)